പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 415 | 11.06.2013 -ൽ മറുപടിക്ക്

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനത്തിനായി പടിഞ്ഞാറു ഭാഗത്തുള്ള സർവ്വേ നമ്പർ 126/12, 126/13, 126/14, 126/15, 126/16, 126/24 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട (കൊട്ടാരക്കര വില്ലേജ്) 43.05 ആർ ഭൂമി (നിലം) യാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം ചെക്ക് ലിസ്റ്റും അനുബന്ധ രേഖകളും നൽകിയിരിക്കുകയാണ്. |
| (സി) | നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി സ്ഥലം ഏറ്റെടുക്കുന്നത് യാഥാർത്ഥ്യമാക്കാൻ കെ.എസ്.ആർ.ടി.സി. -യിൽ നിന്നും സ്വീകരിക്കാവുന്ന തുടർനടപടികൾ വിശദമാക്കുമോ? | (സി) | ടി സ്ഥലം ഏറ്റെടുക്കുന്നതിനായി കെ.എസ്.ആർ.ടി.സി ഡയറക്ടർ ബോർഡിന്റെ അനുമതിയും അതിനു ശേഷം സർക്കാരിന്റെ ഭരണാനുമതിയും നൽകേണ്ടതുമുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ടും കണ്ടെത്തേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ